സ്കൂൾ യുവജനോത്സവങ്ങളിലെ പശ്ചാത്തല സംഗീതവാദനം

77 (1132) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ യുവജനോത്സവങ്ങളിൽ വിദ്യാർത്ഥികളുടെ മത്സരങ്ങൾക്ക് പശ്ചാത്തല വാദ്യങ്ങൾ കുട്ടികൾ തന്നെ കൈകാര്യം ചെയ്യണമെന്ന് തീരുമാനി ച്ചിട്ടുണ്ടോ ; ഇത് എന്തുകൊണ്ടാണെന്ന വ്യക്തമാക്കുമോ ;

(ബി) സ്കൂളുകളിൽ പശ്ചാത്തല വാദ്യോപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിന് കുട്ടികളെ കിട്ടാതെ വരുമ്പോൾ കലാപരിപാടികൾ അവതരിപ്പിക്കുവാൻ കഴിവുള്ള കുട്ടികൾക്ക് മത്സരിക്കുവാൻ കഴിയാതെ വരുന്നതും അഥവാ മത്സരിച്ചാൽ വാദ്യോപകരണങ്ങൾ ഇല്ലാത്തതിനാൽ പോയിന്റുകൾ നഷ്ടമാകുന്നതും പോരായ്മയാണെന്ന കാര്യം ബോധ്യപെട്ടിട്ടുണ്ടോ ;

(സി) വാദ്യോപകരണങ്ങൾ വായിക്കാൻ സ്കൂളിൽ കുട്ടികൾ ഇല്ലാതെ വന്നാൽ റിക്കോർഡ് ചെയ്ത പശ്ചാത്തല വാദ്യത്തിന്റെ സഹായത്തോടെ കഥാപ്രസംഗം പോലുള്ള കലാരൂപങ്ങൾ അവതരിപ്പിക്കാൻ അനുവാദം നല്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. പശ്ചാത്തല വാദ്യങ്ങൾ കൈകാര്യം ചെയ്യുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്ക് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് വേണ്ടിയാണ് പശ്ചാത്തല വാദ്യങ്ങൾ കുട്ടികൾ തന്നെ കൈകാര്യം ചെയ്യണമെന്ന് തീരുമാനിച്ചത്.

(ബി) പശ്ചാത്തല വാദ്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് കുട്ടികളെ കിട്ടാതെ വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സ്കൂൾ കലോൽസവ മാന്വൽ പരിഷ്കരണ വേളയിൽ ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം

78 (1133) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) വിദ്യാർത്ഥികൾക്ക് തൊഴിൽ നൈപുണ്യം നൽകുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) ഏതെല്ലാം വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നതെന്നു വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് പൊതു വിദ്യാഭ്യാസ വകുപ്പിന്റെയും ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ അസാപ് പ്രോഗ്രാമിന് 2012-13 വർഷത്തിൽ തുടക്കം കുറിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി ബിരുദ തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ തൊഴിൽക്ഷമത ഉയർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം.

(ബി) ഹയർ സെക്കണ്ടറി ബിരുദ വിദ്യാർത്ഥികൾക്ക് റഗുലർ പഠനത്തോടൊപ്പം താൽപ്പര്യമുള്ള വ്യവസായ മേഖലകളിൽ തൊഴിൽ പരിശീലനം നൽകി അവരുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, വിവര സാങ്കേതിക വിദ്യ, ഇഷ്ടമുള്ള ഒരു തൊഴിൽ മേഖല എന്നിവയിൽ വിവിധ വ്യവസായ പരിശീലക സ്ഥാപനങ്ങൾ ട്രെയിനിംഗ് നൽകിവരുന്നു. ഇതിനകം 437 വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ ഈ പദ്ധതിയിൽ ഭാഗമായിട്ടുണ്ട്.

(സി) തെരഞ്ഞെടുക്കപ്പെടുന്ന ഹയർ സെക്കണ്ടറി, കോളേജ് വിദ്യാർത്ഥികൾക്ക് 100 മണിക്കൂർ ദൈർഘ്യമുള്ള ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ, 80 മണിക്കൂർ ദൈർഘ്യമുള്ള വിവരസാങ്കേതിക വിദ്യ എന്നിവയും വൈവിദ്ധ്യമാർന്ന തൊഴിൽ സാധ്യതാ മേഖലകളിൽ നിന്നുള്ള തൊഴിൽ നൈപുണ്യ പരിശീലനവും നൽകുന്നതിലൂടെ അവരെ തൊഴിൽ മേഖലകളിൽ ജോലി നേടാൻ പര്യാപ്തരാക്കുന്നു.

(ഡി) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിന്നും ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒന്നാം വർഷ വിദ്യാർത്ഥികൾക്കാണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly